കേരള സർക്കാർ

# നഗരകാര്യ വകുപ്പ്

ജി3/11644/2017/ന കാ വ

നഗരകാര്യ വകുപ്പ്
ഒന്നാം നില, സ്വരാജ് ഭവൻ ,
നന്തൻകോട് , തിരുവനന്തപുരം
e-mail - *duatvpm@gmail.com*
Web: *www.urbanaffairskerala.org*
0471 2318896
തീയതി: 08/05/2019

## ലേല പരസ്യം

തിരുവനന്തപുരം നന്തൻകോടുള്ള സ്വരാജ് ഭവൻ ബിൽഡിംഗ് കോംപൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതും നഗരകാര്യ വകുപ്പിന് ഉപയോഗം ഇല്ലാത്തതുമായ ചവടെ ചേർത്തിട്ടുള്ള വാഹനം 21/05/2019 ന് പകൽ 11.30 മണിക്ക് നഗരകാര്യ വകുപ്പ് ആസ്ഥാന ഓഫീസിൽ വച്ച് പരസ്യമായി ലേലം / ക്വട്ടേഷൻ വഴി വിൽപ്പന നടത്തുന്നതാണ്.

| രജിസ്ട്രേഷൻ നമ്പർ | മോഡൽ | വാഹന ഇനം | നിരതദ്രവ്യം |
|---|---|---|---|
| KL 01 AR 1295 | 2007 | AMBASSADOR CLASSIC 2.0 E2 DSZ | 5,000/- |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപായി നിരതദ്രവ്യം 5,000/-രൂപ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. നിരതദ്രവ്യം അടയ്ക്കുന്ന സമയത്ത് അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്തുന്നതിനുതകുന്ന രേഖയുടെ (ആധാർ, ഇലക്ഷൻ ഐഡന്റിറ്റി, ഡ്രൈവിംഗ് ലൈസൻസ്) പകർപ്പ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്. കൂടാതെ ഇതിലേക്ക് സീൽ ചെയ്ത ക്വട്ടേഷനും സ്വീകരിക്കുന്നതാണ്. ക്വട്ടേഷൻ ഉൾക്കൊള്ളുന്ന കവറിനു പുറത്ത് Auction of Ambassador Car എന്നെഴുതി നഗരകാര്യ വകുപ്പ് ഡയറക്ടർക്ക് 21/05/2019 തീയതിക്കു മുൻപായി ലഭിക്കത്തക്കവിധം നേരിട്ടോ തപാൽ മുഖേനയോ നൽകാവുന്നതാണ്. നിരതദ്രവ്യം അടച്ച രസീതും ഉണ്ടായിരിക്കണം.

ലേലം കഴിഞ്ഞാലുടൻ ക്വട്ടേഷനുകൾ തുറക്കുന്നതും, ലേലത്തിലോ, ക്വട്ടേഷനിലോ ഏതിലാണോ കൂടുതൽ തുക രേഖപ്പെടുത്തുന്നത്, ആ ആളിന് ലേലം സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതും ടിയാൻ ലേലസംഖ്യയുടെ പകുതിയും മൊത്തം തുകയുടെ വിൽപ്പന നികുതിയും അപ്പോൾ തന്നെ അടക്കേണ്ടതും ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ചാലുടൻ ബാക്കി തുകയും ജി.എസ്.ടിയും അടച്ച് ടി വാഹനം സ്വന്തം ചെലവിൽ

സ്വരാജ്ഭവൻ ഓഫീസ് പരിസരത്തു നിന്നും നീക്കം ചെയ്യേണ്ടതുമാണ്. ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ നൽകുന്നതാണ്.

മേൽപറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുക യാണെങ്കിൽ ടിയാൻ അടച്ച സംഖ്യ മുഴുവൻ സർക്കാറിലേക്ക് മുതൽക്കൂട്ടുന്നതും പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാറിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതും കൂടുതൽ തുക ലഭിച്ചാൽ ആയതിന് ടിയാന് അർഹതയുണ്ടായിരിക്കുന്നതുമല്ല.

മേൽ പ്രസ്താവിച്ചിരിക്കുന്ന വാഹനം ലേലത്തിനു തൊട്ടുമുമ്പുള്ള 2 പ്രവൃത്തി ദിവസങ്ങളിൽ 11.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെയുള്ള സമയത്ത് നഗരകാര്യ വകുപ്പ് ഡയറക്ടറാഫീസിലെ ബന്ധപ്പെട്ടവരുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനും ലേലം അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം നഗരകാര്യ വകുപ്പ മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

ആർ ഗിരിജ ഐ എ എസ്
നഗരകാര്യ ഡയറക്ടർ

1. സ്വരാജ് ഭവൻ നോട്ടീസ് ബോർഡ് (എല്ലാ ഓഫീസുകളിലും)
2. വെബ് സൈറ്റ്
3. പബ്ലിക് ഓഫീസ് (എസ്റ്റേറ്റ് ഓഫീസർ)
4. തിരുവനന്തപുരം കോർപ്പറേഷൻ
5. വികാസ് ഭവൻ (എസ്റ്റേറ്റ് ഓഫീസർ)
6. കളക്ടറേറ്റ് (ആമുഖ പത്രം സഹിതം)

പകർപ്പ് - ജി3, സൂപ്രണ്ട്, കരുതൽ ഫയൽ

എസ് 08/05/19